# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 109 — 12.06.2014 ൽ മറുപടിക്ക്

## അവശ്യ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ:<br>ശ്രീ. എളമരം കരീം:<br>ശ്രീമതി പി. അയിഷാ പോറ്റി:<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില നിയന്ത്രണാതീതമായി കുതിച്ചുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) നിയന്ത്രണാതീതമായ വർദ്ധനവില്ല.

(ബി) വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; നടപടികൾ ഫലപ്രദമാകാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിപണിയിലുണ്ടാകുന്ന വില വർദ്ധന പിടിച്ചു നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

1. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലനിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം ആവശ്യ സാധനങ്ങൾ താഴെ കൊടുത്തിരിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പന ശാലകൾ വഴി വിറ്റുവരുന്നു.

| ക്രമ നമ്പർ | ഇനം | നിലവിലെ വില കി.ഗ്രാമിന് |
|---|---|---|
| 1 | ചെറുപയർ | 55.00 |
| 2 | ഉഴുന്ന്(ഹോൾ) | 42.00 |
| 3 | വൻകടല | 45.00 |
| 4 | വൻപയർ | 35.00 |
| 5 | തുവരപ്പരിപ്പ് | 45.00 |
| 6 | മുളക് | 55.00 |
| 7 | മല്ലി | 60.00 |
| 8 | പഞ്ചസാര | 26.00 |
| 9 | ജയ അരി | 21.00 |
| 10 | കുറുവ അരി | 21.00 |
| 11 | മട്ട അരി | 21.00 |
| 12 | പച്ചരി സോർട്ടക്സ് | 21.00 |
| 13 | വെളിച്ചെണ്ണ | 62.00 |

2. കൂടുതൽ വിൽപ്പന ശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ കൂടുതൽ സാധന

ങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനു പുറമേ ആദിവാസി / തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു. പിന്നോക്ക പ്രദേശങ്ങളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണം കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിനായി 10 പുതിയ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ 2014 മാർച്ച് മാസം മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**3.** യഥാർത്ഥ ഉപഭോക്താവിന് തന്നെ അവശ്യ സാധനങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യുന്നു.

**4.** ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

**5.** അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ മാർക്കറ്റ് വിലയേക്കാളും ശരാശരി 10% മുതൽ 20% വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

**6.** പൊതു വിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ. കായം, വാളൻപുളി. ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ 'ശബരി'' എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

**7.** ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തി വരുന്നു.

**8.** പൊതു വിപണിയേക്കാൾ ഏകദേശം 60% വില കുറച്ച് പ്രതിമാസം കാർഡ് ഒന്നിന് 1 ലിറ്റർ വെളിച്ചെണ്ണ ലിറ്ററിന് 62 രൂപ നിരക്കിൽ വിറ്റ് ഉപഭോക്താക്കൾക്ക് വിലക്കയറ്റം മൂലമുള്ള ഭാരം കുറയ്ക്കുന്നു.

**9.** സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ഇല്ലാത്ത 59 പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച

നടപടി പുരോഗമിച്ചുവരുന്നു.

**10.** കൂടാതെ പൊതുവിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രതിമാസം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ ഉപഭോക്താവിന് കൂടുതൽ സൗകര്യപ്രദമായി സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുള്ള സൂപ്പർമാർക്കറ്റുകളായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

**11.** ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും QC കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമേ വിൽപ്പനയ്ക്ക് വയ്ക്കുകയുള്ളു.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് കൂടുതൽ സ്റ്റോക്ക് എത്തിച്ച് വില വർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നുണ്ട്. മേൽ വിവരിച്ച നടപടികൾ പൊതു വിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിന് വളരെ സഹായകരമാണ്.

കൂടാതെ വിപണിയിലുണ്ടാകുന്ന വില വർദ്ധനവിൽ നിന്നും സാധാരണ ജനങ്ങളെ സംരക്ഷിക്കുന്നതിനായി പൊതുവിതരണ ശൃംഖല വഴി കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യ ധാന്യങ്ങളും മണ്ണെണ്ണയും നൽകി വരുന്നു. ബി.പി.എൽ. കാർഡുടമകൾക്ക് പ്രതിമാസം 25 കി.ഗ്രാം അരി കിലോഗ്രാമിന് 1 രൂപ നിരക്കിലും 5 കി.ഗ്രാം ഗോതമ്പ് രണ്ട് രൂപ നിരക്കിലും നൽകി വരുന്നു. എ.പി.എൽ. കാർഡുടമകൾക്ക് 9 കിലോഗ്രാം അരി കിലോഗ്രാമിന് 8.90 രൂപ നിരക്കിലും 2 കി.ഗ്രാം ഗോതമ്പ് 6.70 രൂപ നിരക്കിലും 2 കി.ഗ്രാം ആട്ട കാർഡൊന്നിന് 15 രൂപ നിരക്കിലും നൽകുന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട രണ്ട് രൂപ നിരക്കിലുള്ള ഭക്ഷ്യ ധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 9 കി.ഗ്രാം അരി കിലോഗ്രാമിന് രണ്ട് രൂപ നിരക്കിലും 2 കിലോഗ്രാം ഗോതമ്പ് 6.70 രൂപ നിരക്കിലും കാർഡൊന്നിന് 2 കി.ഗ്രാം ആട്ട 15 രൂപ നിരക്കിലും നൽകുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കി.ഗ്രാം അരി സൗജന്യമായി നൽകുന്നു. ബി.പി.എൽ. /എ.എ.വൈ. വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ നൽകുന്നു. കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് മുതലായവ നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിച്ച് വില വർദ്ധിപ്പിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നു. ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ആഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ

ആഫീസറുടെ നേതൃത്വത്തിലും സംസ്ഥാന തലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വ ത്തിലും പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ഉത്സവ സീസണോടനുബന്ധിച്ചും പ്രത്യേക സ്ക്വാഡു കൾ പരിശോധന നടത്തുന്നു.

അതോടൊപ്പം വില വർദ്ധനവ് നിയന്ത്രിക്കുവാൻ സാധനങ്ങൾ പൊതു വിപണിയേക്കാൾ 20% വരെ കുറഞ്ഞ നിരക്കിൽ നന്മ സ്റ്റോറുകളിലൂടെയും വില വർദ്ധനവിനു സാദ്ധ്യതയുള്ള ഉത്സവകാല ങ്ങളിൽ പ്രത്യേക വിപണികൾ നടത്തുന്നതിന് സഹകരണ വകുപ്പ്, കൺസ്യൂമർ ഫെഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സഹകരണ ത്തോടെ പ്രത്യേക വിപണികൾ നടത്തുന്നുണ്ട്. പൊതുവിപണി വിലയിൽ നിന്നും 15% മുതൽ 50% വരെ വിലകുറച്ച് നിത്യോപയോഗ സാധനങ്ങൾ നൽകുന്നതിലൂടെ വിലക്കയറ്റം, കൃത്രിമ ക്ഷാമം എന്നിവ നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്. മേൽ നടപടികൾ ഫലപ്രദമാ യിരുന്നതിനാൽ കാലാകാലങ്ങളിൽ ഉത്സവ കാല വിപണികൾ സംഘടിപ്പിച്ചു വരികയും നന്മ സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടു ത്തുകയും ചെയ്തിട്ടുണ്ട്.

പഴം - പച്ചക്കറികളുടെ വില ക്രമാതീത മായി ഉയർന്ന അവസരങ്ങളിൽ വിപണിയിൽ ഇടപെടൽ നടത്തിക്കൊണ്ട് 30% വരെ വിലകുറച്ച് ഹോർട്ടിക്കോർപ്പ് മുഖേന വില്പന നടത്തുകയുണ്ടായി. ഓണം - റംസാൻ സീസണുകളിൽ മേളകൾ സംഘടിപ്പിച്ചു കൊണ്ട് ഹോർട്ടിക്കോർപ്പ്, VFPCK എന്നീ സ്ഥാപനങ്ങൾ മുഖേന പഴം - പച്ചക്കറികൾ 30 ശതമാനം വരെ വിലകുറച്ച് വില്പന നടത്തിയിരുന്നു.

| | | | |
|---|---|---|---|
| (സി) | റേഷൻ സാധനങ്ങളുടെ വിതരണത്തിലുണ്ടായ സ്തംഭനവും സപ്ലൈകോയുടെ പൊതുവിതരണ ശൃംഖല വഴിയുള്ള അവശ്യവസ്തുക്കളുടെ വിതരണം നിലച്ചതും വിലക്കയറ്റത്തിന് ആക്കം കൂട്ടിയിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | റേഷൻ വിതരണത്തിൽ സ്തംഭനമില്ല. |

| | | | |
|---|---|---|---|
| (ഡി) | വിലക്കയറ്റം തടയുന്നതിന് കമ്പോളത്തിൽ ഇടപെടുന്നതിനായി പൊതുവിതരണ രംഗത്തെ ഏതെല്ലാം ഏജൻസികളെയാണ് ആശ്രയിച്ചതെന്ന് വ്യക്തമാക്കുമോ; ഇതിന് ആവശ്യമായ ഫണ്ട് നൽകിയിരുന്നോ; വിശദാംശം നൽകുമോ; | (ഡി) | റേഷൻകടകൾ വഴിയും സപ്ലൈകോ, കൺസ്യൂമർഫെഡ്, ഹോർട്ടിക്കോർപ്പ്, VFPCK എന്നീ ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തിയും സർക്കാർ വിലക്കയറ്റത്തെ നിയന്ത്രിച്ചു വരുന്നു.<br>കഴിഞ്ഞ സാമ്പത്തിക വർഷം വിപണിയിടപെടലിനായി 116.021 കോടി രൂപ സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ചിരുന്നു.<br>ഓണം - റംസാൻ മേള നടത്തിയതിന്റെ സബ്സിഡിയായി 10 കോടി രൂപയും വിപണിയിൽ ഇടപെടൽ നടത്തുന്നതിനുള്ള സബ്സിഡിയായി 5 കോടി രൂപയും, 2013 - 14 വർഷത്തിൽ ഹോർട്ടികോർപ്പിന് നൽകിയിട്ടുണ്ട്. |
| (ഇ) | ആവശ്യത്തിനുള്ള ഫണ്ട് ലഭിക്കാതിരുന്നതും സർക്കാർ പ്രഖ്യാപിച്ച സഹായം കുടിശ്ശികയായതും സപ്ലൈകോയുടെ പൊതുവിതരണശാലകളുടെ പ്രവർത്തനം നിലയ്ക്കുന്നതിന് കാരണമായിട്ടുണ്ടോ; സപ്ലൈകോയ്ക്ക് ഈ രീതിയിൽ കുടിശ്ശിക ഫണ്ട് നൽകാനുണ്ടോ; മറ്റേതെല്ലാം സ്ഥാപനങ്ങൾക്ക് ഈ ഇനത്തിൽ തുക നൽകാൻ ബാക്കി നില്പുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ഇ) | ഇല്ല. സപ്ലൈകോയ്ക്ക് മാർക്കറ്റിടപെടലിനായി കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റ് വിഹിതമായ 60 കോടി രൂപയ്ക്ക് പുറമെ 56.021 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. |
| (എഫ്) | സപ്ലൈകോയ്ക്ക് മതിയായ ഫണ്ട് നൽകി പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്തുതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (എഫ്) | സ്വീകരിക്കുന്നതാണ്. |

Beena

**സെക്ഷൻ ഓഫീസർ**